"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ആർ ബി3/143/2021-തസ്വഭവ-
തദ്ദേശസ്വയംഭരണ( ആർ.ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16/01/2022

## സർക്കുലർ

വിഷയം:- വിഷയം- തസ്വഭവ- ചിക്കൻ റെന്ററിംഗ് പ്ളാന്റുകളുടെ സ്ഥാപനം അവയുടെ ഒക്കുപെൻസി എന്നിവ സംബന്ധിച്ച് പൊതുനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. ചീഫ് ടൗൺ പ്ളാനറുടെ 27.06.2021 ലെ TCPCTP/644/2021/E3 നം. കത്ത്.

2.ഫയർ & റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 04.08.2021 ലെ എഫ്2-7497/2021 നം. കത്ത്.

3. 16.8.2021 ൽ ചീഫ് ടൗൺ പ്ളാനർക്ക് നൽകിയ ഇതേ നം. സർക്കാർ കത്ത്.

4. 11/09/2021ലെ ശ്രീ. രമേശ് ചെലയ്ക്കൽ സമർപ്പിച്ച നിവേദനം.

5. 16.12.2021 ലെ ചീഫ് ടൗൺ പ്ളാനറുടെ TCPCTP/644/2021/E3 നം. കത്ത്.

കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിൽ, ഹസാർഡസ് ഒക്കുപൻസിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചിക്കൻ റെൻഡറിങ് പ്ലാന്റ് G2 ഇൻഡസ്ട്രിയൽ II ഒക്കുപൻസിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ടി പ്ളാന്റ് ഉടമ അപേക്ഷ സമർപ്പിച്ചിരുന്നതായും, ടി കാര്യത്തിൽ ഇത്തരം പ്ളാന്റുകൾ ഗ്രൂപ്പ്-I ൽ ഉൾപ്പെടുന്നതായും, ഗ്രൂപ്പ് I ൽപ്പെടുന്ന നിർമ്മാണങ്ങൾക്ക് Fire NOC നിർബന്ധമാണോ എന്ന കാര്യത്തിൽ, ഫയർ ഫോഴ്സ് ഡയറക്ടറുടെ അഭിപ്രായം കൂടി ലഭ്യമാക്കി തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും സൂചന(1) പ്രകാരം സി.റ്റി.പി അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഫയർ &റസ്ക്യൂ ഡയറക്ടർ ജനറലിന്റെ അഭിപ്രായം സൂചന(2) പ്രകാരം ലഭ്യമാക്കുകയും, അപ്രകാരം ടി ചിക്കൻ റെൻഡറിങ് പ്ലാന്റ്, ഗ്രൂപ്പ് I hazardous occupancy യിൽ ഉൾപ്പെടുത്തി, കേരളാ മുൻസിപ്പൽ ബിൽഡിംഗ് റൂൾ 4 ഉപവകുപ്പ് (12) പ്രകാരം ആയതിന്റെ വിസ്തീർണ്ണം 300 മുതൽ 1000 സ്ക്വയർ മീറ്റർ വരെ ഉള്ള പ്ലാന്റാണെങ്കിൽ ഫയർ സേഫ്റ്റി സിസ്റ്റം സ്ഥാപിച്ചതിനു ശേഷമുള്ള സെൽഫ് സർട്ടിഫിക്കേഷൻ മതിയാകുമെന്നും, എന്നാൽ വിസ്തീർണ്ണം 1000 സ്ക്വയർ മീറ്ററിനു മുകളിലാണെങ്കിൽ ഫയർ സേഫ്റ്റി സിസ്റ്റം സ്ഥാപിച്ച് വകുപ്പിന്റെ എൻ.ഒ.സിയും ലഭ്യമാക്കേണ്ടതാണെന്നും അറിയിച്ച് സൂചന(3) പ്രകാരം സ്പഷ്ടീകരണം നൽകിയിരുന്നു.

ചിക്കൻ റെന്ററിങ്ങ് പ്ലാന്റിനെയല്ല, മറിച്ച്, ചിക്കൻ അറവ് മാലിന്യങ്ങൾ സംസ്കരിക്കുന്ന പ്രക്രിയയാണ് മലിനീകരണ നിയന്ത്രണ ബോർഡ് റെഡ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, പൊട്ടിത്തെറിക്കോ തീപിടുത്തത്തിനോ സാധ്യതയില്ലാത്ത അറവ് അവശിഷ്ടങ്ങൾ സംസ്കരിക്കുന്ന കെട്ടിടത്തെ ഹസാർഡസ്-I പട്ടികയിൽ ഉൾപ്പെടുത്തുന്നത് അശാസ്ത്രീയമാണെന്നും, 292 സ്ക്വയർ മീറ്റർ മാത്രം വിസ്തൃതിയുള്ള അപേക്ഷകന്റെ പ്ളാന്റ് കെട്ടിടത്തിനെ ജി2 കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ടി പ്ളാന്റിന്റെ ഉടമ സൂചന (4) പ്രകാരമുള്ള നിവേദനത്തിലൂടെ അഭ്യർഥിക്കുകയുണ്ടായി. തുടർന്ന് ഇത്തരം ചിക്കൻ റെന്ററിംഗ് പ്ളാന്റുകൾ ഏതു ഒക്കുപെൻസിയിൽ

# File No.LSGD-RB3/143/2021-LSGD

എപ്രകാരം ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച് ഒരു കൃത്യമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണെന്ന കാര്യം സർക്കാർ വിലയിരുത്തുകയും, ടി വിഷയത്തിൽ വിശദമായ അഭിപ്രായം രേഖപ്പെടുത്തുവാൻ സി.റ്റിപിയോടാവശ്യപ്പെടുകയും, സൂചന(5) പ്രകാരം ചീഫ് ടൗൺ പ്ലാനർ അഭിപ്രായം ലഭ്യമാക്കുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ ചിക്കൻ റെന്ററിംഗ് പ്ളാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിർമ്മാണാനുമതിയ്ക്കായി തദ്ദേശ സ്ഥാപനങ്ങളെ സമീപിക്കുമ്പോഴും, അവ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്ന സാഹചര്യങ്ങളിലും ഈ വിഷയത്തിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും/അധികാരികളോടും നിർദ്ദേശിക്കുന്നു.

i) ചിക്കൺ റെന്ററിംഗ് പ്ളാന്റുകളിൽ 300 m2 വരെ കെട്ടിട വിസ്തൃതിയുള്ള "Chicken Rendering Unit" കളെ "Industrial G2 occupancy യിൽ കണക്കാക്കേണ്ടതാണ്.

ii) Rendering Plant കളുടെ, നിർമ്മാണവും ,പ്രവർത്തനവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (KSPCB) പുറപ്പെടുവിച്ചിട്ടുള്ള Standard Operating Procedure അനുസരിച്ചായിരിക്കേണ്ടതാണ്.

iii) ചിക്കൻ റെൻഡറിംഗ് പ്ലാന്റുകൾ ഇൻഡസ്ട്രിയൽ വിഭാഗത്തിൽ പെടുന്നതിനാൽ ടി കെട്ടിടങ്ങൾക്കു 300 sq.m. വിസ്തീർണ്ണം ഉണ്ടെങ്കിൽ അഗ്നി സുരക്ഷാ വകുപ്പിന്റെ NOC ആവശ്യമില്ല.

iv) 300 Sq.m. മുതൽ 1000 Sq.m. വരെ വിസ്തീർണ്ണമുള്ള പ്ലാന്റുകൾക്ക് ഫയർ' സേഫ്റ്റി സിസ്റ്റം സ്ഥാപിക്കേണ്ടതും, ആയതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സെൽഫ് സർട്ടിഫിക്കേഷൻ കൂടി വേണ്ടതാണ്.

v) 1000 Sq.m. ന് മുകളിലുള്ള പ്ളാന്റുകൾക്ക് ഫയർ സേഫ്റ്റി സിസ്റ്റം സ്ഥാപിക്കേണ്ടതും, ഫയർ &റസ്ക്യൂ വകുപ്പിന്റെ എൻ.ഒ.സി ലഭ്യമാക്കേണ്ടതുമാണ്.

Biju Prabhakar
Secretary

മുഖ്യനഗരാസൂത്രകൻ,തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്), തിരുവനന്തപുരം.

ഡയറക്ടർ, ഫയർ &റസ്ക്യൂ സർവ്വീസസ്,തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ,കണ്ണൂർ,കോഴിക്കോട്കോർപ്പറേഷൻ.

പഞ്ചായത്ത് നഗറക്ടർ,തിരുവനന്തപുരം.(സർക്കുലറിന്റെ പകർപ്പ് എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുന്നതിനായി)

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.(സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും നൽകുന്നതിനായി)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും(പഞ്ചായത്ത് ഡയറക്ടർമുഖേന) എല്ലാ ടൗൺ പ്ലാനർക്കും(നഗരകാര്യ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

വെബ് & ന്യൂ മീഡിയ സെന്റർ, I& PRD.

File No.LSGD-RB3/143/2021-LSGD

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്-1.ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2.അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പിന്റെ പിഎസ്സിന്.

3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി,(അർബൻ)ന്റെ പി എസ്സിന്.

4. ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Suja S K
സെക്ഷൻ ഓഫീസർ
Date: 17-01-2022 10:48:53
Reason: Approved